**കേരള സർക്കാർ**

**സംഗ്രഹം**

വിമുക്തഭടനായ ശ്രീ. എസ്. ഉദയഭാനുവിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടം -വസ്തു നികുതി ഇളവിന് അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ) നം. 3917 /17 ത.സ്വ.ഭ.വ തീയതി, തിരുവനന്തപുരം: 05/12 /2017.

പരാമർശം : 1) ശ്രീ. ഉദയഭാനുവിന്റെ 02/11/2016 ലെ നിവേദനം.
2) കായംകുളം നഗരസഭ സെക്രട്ടറിയുടെ 11/01/2017 ലെ R2-2837/16 നമ്പർ കത്ത്.
3) 26/05/2017 ലെ. സ.ഉ(കൈ) നം. 106/17/തസ്വഭവ.

**ഉത്തരവ്**

വിമുക്തഭടനായ ശ്രീ. എസ്. ഉദയഭാനു, സുകുമാരം, പെരുങ്ങാല, കായംകുളം - വസ്തു നികുതി ഇളവ് ലഭിക്കുന്നതിന് കായംകുളം നഗരസഭ സെക്രട്ടറിക്ക് അപേക്ഷ നൽകിയെങ്കിലും കെട്ടിടം സ്ഥിതിചെയ്യുന്ന സ്ഥലം ടിയാന്റെയും ഭാര്യയുടെയും മകന്റെയും പേരിലായതിനാൽ ആനുകൂല്യത്തിനർഹതയില്ലെന്ന് അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) പ്രകാരം നിവേദനം സർക്കാരിലേയ്ക്ക് സമർപ്പിച്ചിരുന്നു. പരാമർശം (2) പ്രകാരം കായംകുളം നഗരസഭ സെക്രട്ടറി ഇതു സംബന്ധിച്ച റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിക്കുന്നുണ്ടെങ്കിൽ ശ്രീ ഉദയഭാനുവിന് വസ്തുനികുതിയിളവിന് അർഹതയുണ്ട്

1) വാസ സ്ഥലം ഉൾപ്പെടുന്ന ഭൂമിയുടേയും കെട്ടിടത്തിന്റെയും ഉടമസ്ഥാവകാശം ടിയാന്റെ പേരിൽ കൂടിയാണെങ്കിൽ പരാമർശം (3) പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ് ഉടമസ്ഥാവകാശം മറ്റാരുടെയെങ്കിലും പേരിലേക്കോ മക്കളുടെ പേരിലേക്കോ പൂർണ്ണമായി കൈമാറ്റം ചെയ്യുകയാണെങ്കിൽ ടി ആനുകൂല്യം പ്രസ്തുത തീയതി മുതൽ റദ്ദാകുന്നതാണ്
2) ഭൂമി ടിയാന്റെ മകന്റെ പേരിലേക്കോ മറ്റാരുടേയും പേരിലേക്കോ കൈമാറ്റം ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം(രേഖകൾ സഹിതം)കായംകുളം നഗരസഭ സെക്രട്ടറിക്ക് സമർപ്പിക്കേണ്ടതാണ്.
3) ടിയാന്റെ മറ്റു കെട്ടിടങ്ങൾക്ക് നികുതിയിളവ് ലഭിക്കുന്നില്ലെന്ന് കായംകുളം നഗരസഭാ സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.

4) പരാമർശം (3) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ഇക്കാര്യത്തിൽ കർശനമായി പാലിക്കേണ്ടതാണ്.

മേൽപ്പറഞ്ഞ വ്യവസ്ഥകൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് നികുതിയിളവ് നൽകുന്നകാര്യത്തിൽ തീരുമാനമെടുക്കാൻ കായംകുളം നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മുഹമ്മദ് റിയാസ്**
ഡെപ്യൂട്ടി സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കായംകുളം നഗരസഭ,
ശ്രീ. ഉദയഭാനു, സുകുമാരം, പെരുങ്ങാല, കായംകുളം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ഓഡിറ്റ്/എ&ഇ/എൽ.ബി.എ),കേരള, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
✓എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

അംഗീകാരത്തോടെ
(signature)
സെക്ഷൻ ഓഫീസർ